## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *39

24.01.2018 ൽ മറുപടിക്ക്

**'സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് നടപടി '**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എൽദോസ് പി കുന്നപ്പിള്ളിൽ**<br>**ശ്രീ. പി.ടി. തോമസ്**<br>**ശ്രീ. വി. ഡി. സതീശൻ**<br>**ശ്രീ. കെ. മുരളീധരൻ.** | | **ശ്രീ. എ.സി. മൊയ്തീൻ**<br>**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ; | (എ) | കേരളത്തെ നിക്ഷേപസൗഹൃദമാക്കുന്നതിനും അതുവഴി തൊഴിലവസരങ്ങളും വരുമാനവും വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്ത് ഒരു വ്യാവസായിക പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. അതിനായി നിലവിലുള്ള വിവിധ വകുപ്പുകളുടെ നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതികൾ വരുത്താൻ സർക്കാർ തീരുമാനിക്കുകയുണ്ടായി. അതിന്റെ ഭാഗമായി വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി താഴെപ്പറയുന്ന ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് എന്ന പേരിൽ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചു.<br>1. കേരള പഞ്ചായത്ത് രാജ് ആക്ട് - 1994<br>2. കേരള മുൻസിപ്പാലിറ്റി ആക്ട് - 1994<br>3. കേരള ലിഫ്റ്റ് ആന്റ് എസ്കലേറ്റേഴ്സ് ആക്ട് - 2013<br>4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002<br>5. കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട് - 1978<br>6. കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ് മെന്റ് ആക്ട് - 1960<br>7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ആന്റ് ഇൻഡസ്ട്രിയൽ |

| | | | |
|---|---|---|---|
| | | | ടൗൺഷിപ്പ് ഏരിയ ഡെവലപ്പ്മെന്റ് ആക്ട് - 1999.<br>സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിനുള്ള ഏക ജാലക ക്ലിയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിനായി ഓൺലൈൻ സംവിധാനവും അപേക്ഷകളിന്മേൽ ഫലപ്രദമായും സമയബന്ധിതമായും പരിശോധന നടത്തുന്നതിനായി "ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ സെൽ (IPFC)" രൂപീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. ഈ സംവിധാനം ജില്ലാതലത്തിൽ പ്രായോഗികമാക്കുന്നതിനായി ജില്ലാ കളക്ടർ തലവനായി ബന്ധപ്പെട്ട വകുപ്പുകളിലെ പ്രതിനിധി ഉദ്യോഗസ്ഥർ ഉൾപ്പെടുന്ന ഒരു ജില്ലാ സമിതിയും ഉണ്ടായിരിക്കും. ഇതുവഴി അനുമതികൾ വേഗത്തിലും അവയുടെ പുരോഗതി സംരംഭകർക്ക് വേഗം മനസ്സിലാക്കുവാനും കഴിയും.<br>ബന്ധപ്പെട്ട വകുപ്പുകളിലേയും ഏജൻസികളിലേയും അപേക്ഷഫോറങ്ങൾ ഉൾക്കൊളളിച്ചുകൊണ്ടുള്ള ഒരു ഓൺലൈൻ സംവിധാനം അനായാസം വ്യവസായനുമതി ലഭ്യമാക്കുവാൻ സഹായകമായിരിക്കും. മേൽപറഞ്ഞ ഓർഡിനൻസ് ഈ നിയസഭാ സമ്മേളനകാലത്ത് ബിൽ ആയി അവതരിപ്പിക്കുന്നതാണ്. |
| (ബി) | പുതുക്കിയ വ്യവസായ നയം രൂപീകരിച്ചിട്ടുണ്ടോ; കരട്ടുനയം സംബന്ധിച്ച് വിവിധ ഏജൻസികളുമായി ആശയവിനിമയം നടത്തി അവരുടെ കൂടി നിർദ്ദേശം ഉൾപ്പെടുത്തിയിട്ടാണോ അന്തിമ നയം തയ്യാറാക്കിയത് ; | (ബി) | സർക്കാരിന്റെ വ്യവസായ വാണിജ്യ നയത്തിന്റെ കരട്ടുരേഖയിലും സുഗമമായ വ്യവസായ സംരംഭങ്ങൾ മെച്ചപ്പെടുത്തു ന്നതിനുള്ള നടപടികളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. പ്രസ്തുത കരട്ടുരേഖ കേരളത്തിലെ നാല് ജില്ലകളിൽ (തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്) വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നത ഉദ്യോഗസ്ഥരും സംരംഭകരും ഉൾപ്പെടുത്തിക്കൊണ്ടുള്ള മുഖാമുഖ ചർച്ച സംഘടിപ്പിച്ചിരുന്നു. വ്യവസായികൾ, വ്യവസായ അസ്സോസിയേഷൻ, |

| | | | |
|---|---|---|---|
| | | | ട്രേഡ് യൂണിയൻ എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഈ ചർച്ചയിൽ പങ്കെടുത്തു. വ്യവസായ മേഖലയിൽ നിലവിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്കുള്ള പരിഹാരം, വളർച്ചക്ക് സാധ്യതയുള്ള സമയോചിതവും പ്രായോഗികവുമായ നൈപുണ്യവികസനം, തൊഴിലവസരങ്ങൾ പ്രോത്സാഹിപ്പിക്കുവാൻ വേണ്ടിയുള്ള നിർദ്ദേശങ്ങളും അഭിപ്രായങ്ങളും വ്യവസായ നയത്തിൽ ഉൾക്കൊള്ളിക്കുന്നതിനായിട്ടാണ് പ്രധാനമായും ഈ ചർച്ചകൾ സംഘടിപ്പിച്ചത്. ഇതിന്റെ അടിസ്ഥാനത്തിലാണ് വ്യവസായ വാണിജ്യ നയത്തിന്റെ പുതുക്കിയ കരട് നയം തയ്യാറാക്കിയിട്ടുള്ളത്. |
| (സി) | തൊഴിലുടമകൾക്ക് ചരക്ക് കയറ്റിയിറക്കുവാൻ സ്വന്തം ജീവനക്കാരും യന്ത്രസാമഗ്രികളും ഉണ്ടെങ്കിൽ ചുമട്ടുതൊഴിലാളികളെ വാടകയ്ക്ക് ഏർപ്പെടുത്തേണ്ട എന്ന ഭേദഗതി ചുമട്ടുതൊഴിലാളി നിയമത്തിൽ വരുത്തിയിട്ടുണ്ടോ ; | **(സി) & (ഡി)** | 2017 ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ഓർഡിനൻസിൽ 1978 ലെ കേരള ഹെഡ് ലോഡ് വർക്കേഴ്സ് ആക്ട്-ൽ കാതലായ മാറ്റം വരുത്തിയിട്ടില്ല. എന്നാൽ പുതുതായി 9.A, 9.B എന്നീ സെക്ഷനുകൾ ചേർത്തിരിക്കുന്നു. ഇത് സംബന്ധിച്ച് 22.11.2017 ൽ വിവിധ തൊഴിലാളി സംഘടന നേതാക്കളുമായി വ്യവസായ വകുപ്പ് മന്ത്രിയുടെയും തൊഴിൽ വകുപ്പ് മന്ത്രിയുടെയും നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. തൊഴിലാളി വിരുദ്ധമായ നടപടികളൊന്നും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാവുകയില്ല. നിയമസഭയിൽ ഇത് ബിൽ ആയി അവതരിപ്പിക്കുമ്പോൾ വിശദമായ ചർച്ചയ്ക്ക് അവസരം ലഭിക്കുന്നതാണ്. |
| (ഡി) | ഇതിനെതിരെ ചുമട്ടുതൊഴിലാളി സംഘടനകൾ സമരരംഗത്താണോ; എങ്കിൽ പ്രസ്തുത നിർദ്ദേശം പിൻവലിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ ? | | |

Bindu. T

**സെക്ഷൻ ഓഫീസർ**